**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6392** **10-11-2021 - ൽ മറുപടിയ്ക്ക്**

**എച്ച്.എസ്.എസ്.ടി ജൂനിയർ (ജന്തുശാസ്ത്രം) നിയമനം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | എച്ച് .എസ്.എസ്.ടി ജൂനിയർ (ജന്തുശാസ്ത്രം) ന്റെ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | എച്ച്.എസ്.എസ്.ടി ജൂനിയർ (ജന്തുശാസ്ത്രം) ന്റെ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് 30 പേർക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത തസ്തികകളിൽ പി.എസ്.സി. അഡ്വൈസ് ചെയ്ത എത്ര പേർക്ക് നിയമനം നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ; അഡ്വൈസ് ചെയ്തവർക്ക് ഉടൻ നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | പി.എസ്.സി നിയമന ശുപാർശ നൽകിയ എല്ലാ ഉദ്യോഗാർത്ഥികൾക്കും നിയമനം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത തസ്തികയിൽ നിലവിലുള്ള ഒഴിവുകളുടെ വിശദാംശം ലഭ്യമാക്കാമോ; മേൽ ഒഴിവുകൾ നികത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | സ്പെഷ്യൽ റൂൾസ് പ്രകാരം എച്ച്.എസ്.എസ്.റ്റി (ജൂനിയർ) തസ്തികയിലേക്ക് ബൈട്രാൻസ്ഫർ നിയമനവും പി.എസ്.സി വഴി നേരിട്ടുള്ള നിയമനവും നൽകുന്നുണ്ട്. എച്ച്.എസ്.എസ്.റ്റി (ജൂനിയർ) സുവോളജി വിഷയത്തിൽ ബൈട്രാൻസ്ഫർ വിഭാഗത്തിനായി 01/06/2016 മുതൽ 28/10/2020 വരെ ഉണ്ടായിട്ടുള്ള 55 ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും 28/12/2020 ന് ശേഷം പ്രസ്തുത വിഭാഗത്തിനായി നിലവിൽ വന്ന 11 ഒഴിവുകൾ മാറ്റിയിട്ടുള്ളതുമാണ്. നേരിട്ടുള്ള നിയമനത്തിന് റിപ്പോർട്ട് ചെയ്യുവാൻ നിലവിൽ ഒഴിവുകൾ ഒന്നുമില്ല. |

സെക്ഷൻ ഓഫീസർ